പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 1889 — 17.03.2015 ൽ മറുപടിയ്ക്ക്

## ജീപ്പ് ഡ്രൈവർ മണിയൻപിള്ളയുടെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ജീപ്പ് ഡ്രൈവർ ആയിരുന്ന മണിയൻപിള്ള എന്ന ജീവനക്കാരനെ കൊലപ്പെടുത്തിയത് എന്നാണെന്നും, അതുമായി ബന്ധപ്പെട്ട അന്വേഷണ പുരോഗതിയും അറിയിക്കുമോ ; | (എ) 26.06.2012-ലാണ് പോലീസ് ഡ്രൈവർ മണിയൻപിള്ള കൊല്ലപ്പെട്ടത്. ഈ കേസിലെ രണ്ടും, മൂന്നും, നാലും പ്രതികളെ അറസ്റ്റ് ചെയ്തു. ഒന്നാം പ്രതിയായ ആട് ആന്റണിയെ അറസ്റ്റ് ചെയ്തിട്ടില്ല. ടിയാനെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനാവശ്യമായ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. |
| (ബി) പ്രസ്തുത ജീവനക്കാരന്റെ കൊലപാതകിയെ അറസ്റ്റ് ചെയ്യാത്തതിൽ കുറ്റകരമായ വീഴ്ച വന്നതായി ബോദ്ധ്യമുണ്ടോ ; | (ബി) അന്വേഷണത്തിൽ വീഴ്ച വന്നിട്ടില്ല. |
| (സി) കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലും കേരളത്തിനകത്തും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയും ലുക്ക്-ഔട്ട് നോട്ടീസ് പത്രമാധ്യമങ്ങളിൽ ഫോട്ടോ സഹിതം പ്രസിദ്ധീകരിച്ചും ടിയാനെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. |
| (ഡി) മരണപ്പെട്ട പോലീസുകാരന്റെ കുടുംബത്തിന് ഗവൺമെന്റ് എന്തൊക്കെ സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിവാക്കുമോ; വിശദാംശം അറിയിക്കുമോ ? | (ഡി) പോലീസ് ഡ്രൈവർ മണിയൻപിള്ള സർവ്വീസിലുണ്ടായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന മുഴുവൻ ശമ്പളവും കുടുംബത്തിന് നൽകി വരുന്നു. മകളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുന്നുണ്ട്. ആശ്രിത നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ